ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.

നം.എസിഡി. എസ്പിസി(4)/109288/18/ഹ.സെ.വി. തീയതി: 18/09/2018

## സർക്കുലർ

വിഷയം:- ഹ.സെ.വി - പ്രിൻസിപ്പൽമാർക്കും HITC -മാർക്കുമുള്ള കൈറ്റ് പരിശീലനം - സംബന്ധിച്ച്.

സൂചന:- 17/09/18 തീയതിയിലെ കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതിയുടെ ശരിയായ നിർവ്വഹണത്തിന് ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് 2018 സെപ്തംബർ 25, 26 തീയതികളിലും HITC-മാർക്ക് 2018 സെപ്തംബർ 27-ാം തീയതിയും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സമഗ്ര പോർട്ടലിന്റെ ശരിയായ വിനിയോഗം, അദ്ധ്യാപകർ സമർപ്പിക്കുന്ന പ്ലാനുകളുടെ അംഗീകാരം, ഹൈടെക് സ്കൂൾ പദ്ധതിയുടെ ശരിയായ നടത്തിപ്പ് എന്നിവ സംബന്ധിച്ച് വിശദമായ പരിശീലനമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രിൻസിപ്പൽമാർക്കും HITC-മാർക്കും വെവ്വേറേ ആയാണ് പരിശീലനം എന്നതിനാൽ ആയവർ പകരക്കാരെ ചുമതലപ്പെടുത്തി പരിശീലനത്തിൽ നിന്നും മാറി നിൽക്കുവാൻ പാടുള്ളതല്ല എന്നറിയിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- എല്ലാ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരും (ഗവ:/എയ്ഡഡ്/അൺഎയ്ഡഡ്) 2018 സെപ്തംബർ 25,26 തീയതികളിലും എല്ലാ HITC-മാരും 2018 സെപ്തംബർ 27 തീയതിയിലും പരിശീലനത്തിൽ മുഴുവൻ സമയവും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

- കൈറ്റ് നൽകിയ എസ്.ആർ.ജി., ഡി.ആർ.ജി. പരിശീലനങ്ങളിൽ പങ്കെടുത്തവരായിരിക്കണം പരിശീലനം നൽകേണ്ടത്.

- പരിശീലന കേന്ദ്രങ്ങൾ അതാത് ജില്ലാ കേന്ദ്രങ്ങളിൽ കൈറ്റ് ജില്ലാ കോർഡിനേറ്റർമാർ സജ്ജീകരിക്കുന്നതും പ്രസ്തുത വിവരം പ്രിൻസിപ്പൽമാരെ അറിയിക്കുന്നതുമാണ്.

- **പരിശീലനത്തിൽ പങ്കെടുക്കുന്ന പ്രിൻസിപ്പൽമാരും HITC-മാരും ഐ.ടി.@സ്കൂൾ UBUNTU ഇൻസ്റ്റാൾ ചെയ്ത ലാപ്ടോപ്പ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**

- പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ, അക്വിറ്റൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിങ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്നും ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്.

- ഓരോ ബാച്ചിലും പരിശീലനത്തെക്കുറിച്ചുള്ള അദ്ധ്യാപകരുടെ ഫീഡ് ബാക്ക് ശേഖരിക്കേണ്ടതും ആയത് ട്രെയിനിങ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതാത് പരിശീലകർ കൃത്യമായി ഉൾപ്പെടുത്തേണ്ടതുമാണ്.

- അതാത് ഹയർ സെക്കൻഡറി മേഖലാ ഉപഡയറക്ടർമാർ പരിശീലനകേന്ദ്രങ്ങൾ സന്ദർശിച്ച് പരിശീലന നിലവാരവും, കാര്യക്ഷമതയും നിരീക്ഷിക്കുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**